പ്രതിശീർഷ പാൽ ഉപയോഗം

60 [5514] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ:
,, വി. കെ. ഇബ്രാഹിം കുഞ്ഞ്:
,, പി. കെ. അബ്ദുറബ്ബ്:
,, ടി. പി. എം. സാഹിർ:
,, ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പ്രതിശീർഷ പാൽ ഉപയോഗം ഇപ്പോൾ എത്രയാണ്;

(ബി) ഒരാളിന്റെ ആരോഗ്യ പരിപാലനത്തിന് ആവശ്യമായിരിക്കേണ്ട പാലിന്റെ ഉപയോഗം എത്രയാണ്;

(സി) ഇത് ഉറപ്പുവരുത്തുന്നതിന് ക്ഷീരവികസന വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) ഈ ലക്ഷ്യം കൈവരിക്കുന്നതിന് എപ്പോൾ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കണക്കാക്കപ്പെട്ടിട്ടില്ല.

(ബി) പ്രതിദിനം 280 ഗ്രാം പാൽ (ഡബ്ല്യു. എച്ച്. ഒ.-യുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ).

(സി) പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ ആവശ്യമായ ഉൽപ്പാദന പദ്ധതികൾ കർഷകർക്ക് എത്തിക്കുക, ഉൽപ്പാദിപ്പിക്കുന്ന പാൽ ലാഭകരമായി വിപണനം ചെയ്യാൻ പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങൾ സ്ഥാപിച്ച് ഇവയുടെ പുരോഗതിയെ പ്രോൽസാഹിപ്പിക്കുക തുടങ്ങിയ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്.

(ഡി) 2010 ആകുമ്പോഴേക്കും ഈ ലക്ഷ്യം കൈവരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ഡയറി സയൻസ് കോളേജിന്റെ സ്ഥലം ടൂറിസം വകുപ്പിന് കൈമാറിയ നടപടി

61 [5515] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഡയറി സയൻസ് കോളേജിന്റെ കോലാഹലമേട്ടിലെ സ്ഥലം ടൂറിസം വകുപ്പിന് കൈമാറിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത സ്ഥലം വിട്ടുകിട്ടണമെന്ന് സർവ്വകലാശാലയോട് ടൂറിസം വകുപ്പോ, വ്യവസായവകുപ്പോ ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) കൊച്ചിയിൽ നടന്ന ആഗോള സമ്മേളനത്തിൽ നിർദ്ദിഷ്ട ഡയറി സയൻസ് കോളേജിന്റെ സ്ഥലം ടൂറിസം പ്രോജക്ടിനായി നിർദ്ദേശിച്ചത് കാർഷിക സർവ്വകലാശാലയുടെ അനുമതി വാങ്ങിയിട്ടാണോ എന്ന് വ്യക്തമാക്കാമോ;

(ഡി) മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന ഡയറി സയൻസ് കോളേജ് കോലാഹലമേട്ടിലെ പുതിയ കോളേജിലേക്ക് മാറ്റി സ്ഥാപിക്കുന്നതിന് ഇതു വരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ഇ) ഡയറി സയൻസ് കോളേജ് ആരംഭിക്കുന്നതിന് സർവ്വകലാശാല യുടെ സബ് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൽ യൂണിവേഴ്സിറ്റി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(എഫ്) ഡയറി സയൻസ് കോളേജിന്റെ കോലാഹലമേട്ടിലെ പ്രോജക്ടി നായി ഇതുവരെ ചെലവഴിച്ചിട്ടുള്ള തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

(സി) അനുമതി വാങ്ങിയിട്ടില്ല.

(ഡി, ഇ) ഡയറി സയൻസ് കോളേജ് സ്ഥാപിക്കുന്നതിനുവേണ്ടി സ്ഥലം തെര ഞ്ഞെടുക്കുന്നതിന് നിയോഗിച്ച സർവ്വകലാശാല ഭരണസമിതിയുടെ സബ് കമ്മിറ്റി സമർപ്പിച്ച ശുപാർശപ്രകാരം കെ. എൽ. ഡി. ബോർഡിന്റെ കീഴിൽ കോലാഹലമേട് ബേസ് ഫാമിലുള്ള 84 ഹെക്ടർ സ്ഥലം സർക്കാർ സർവ്വകലാശാലക്ക് കൈമാറ്റം ചെയ്തു. നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയെങ്കിലും പിന്നീട് അവിടെ കൂടുതൽ മുതൽമുടക്കേണ്ടതില്ല എന്ന് തീരുമാനിച്ചു.

(എഫ്) 4.06 കോടി രൂപ.

മിൽമയുടെ പാലിന്റെ ഗുണനിലവാരം നിലനിർത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ

62 [5516] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലിന്റെ ഗുണമേന്മ പരിശോധിക്കാനുള്ള സംവിധാനം എന്താണ് എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly